അയക്കുവാനും കയറ്റി അയക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം നികത്തിക്കൊടുക്കാനും വ്യവസ്ഥയുണ്ടാക്കി. കൊപ്രായ്ക്ക് കേന്ദ്രസർക്കാർ കിന്റലിന് 3100 രൂപ താങ്ങുവില പ്രഖ്യാപിച്ചത് മാർക്കറ്റ് വിലയേക്കാൾ കുറവായതിനാൽ കൊപ്രാ സംഭരണം ആവശ്യമായി വന്നിട്ടില്ല കൊയ്ത്തുകാലത്തു നെല്ലിനുണ്ടാകുന്ന വിലക്കുറവ് തടയുന്നതിനായി നെല്ല് സംഭരണ പദ്ധതി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. കർഷകരിൽ നിന്നും നേരിട്ട് സഹകരണസംഘങ്ങൾ ഒരു നിശ്ചിത വില നൽകിയാണ് നെല്ലു സംഭരിക്കുന്നത്. ഇതിന് കിന്റലിന് 60 രൂപാ നിരക്കിൽ സർക്കാർ ധനസഹായം കൈകാര്യച്ചെലവിനത്തിൽ ബന്ധപ്പെട്ടവർക്ക് നൽകുന്നുണ്ട്. സംഭരിക്കുന്ന നെല്ല് അരിയായി വിറ്റാൽ അഞ്ചു രൂപ അധികം നൽകുന്നുണ്ട്.

(ബി)

വർഷം	ഉല്പാദനം (മെട്രിക്ടൺ)	ഉപഭോഗം (മെട്രിക്ടൺ)
1996-97	5,49,425	5,61,765
1997-98	5,83,830	5,71,820
1998-99	6,05,045	5,91,545

(സി) 6,27,000 മെട്രിക് ടൺ റബ്ബറിന്റെ ഉല്പാദനവും 6,23,000 മെട്രിക് ടൺ റബ്ബറിന്റെ ഉപഭോഗവും ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) 38,268 മെട്രിക് ടൺ. റബ്കോ ശരാശരി 30 രൂപ നിരക്കിലും റബ്ബർ മാർക്ക് എസ്.ടി.സി. ക്കുവേണ്ടി 32.90 രൂപ നിരക്കിലും ബാക്കി ശരാശരി 30 രൂപാ 41 പൈസ നിരക്കിലും സംഭരിച്ചു.

(ഇ) 1767 മെട്രിക് ടൺ ആർ.എസ്.എസ്-4-ഉം 153 മെട്രിക് ടൺ ഐ.എസ്.എൻ.ആർ-20-ഉം കയറ്റി അയച്ചിട്ടുണ്ട്. ആറ് രാജ്യങ്ങളിലേക്കാണ് കയറ്റി അയച്ചത്.

(എഫ്) കേരളാ സ്റ്റേറ്റ് കോഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും, സ്റ്റേറ്റ് റബ്ബർ കോ ഓപ്പറേറ്റീവ് ലിമിറ്റഡും.

റബ്ബർ മാർക്കിനെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

വർഷം	സംഭരണം	സ്റ്റോക്ക്
1996-97	37126	9196
1997-98	33934	4973
1998-99	23093	2564

റബ്കോയെ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചു നൽകുന്നതാണ്.

85 (377) നെൽക്കൃഷി വികസനം

ശ്രീ. ടി.എം. ജേക്കബ്

ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി നിലവിലുണ്ടായിരുന്നു;

(ബി) ഇപ്പോൾ കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി ചെയ്യുന്നുണ്ട്;

(സി) നെൽക്കൃഷി ആദായകരമല്ലാത്തതുകൊണ്ട് നെൽപ്പാടങ്ങളിൽ മറ്റ് കൃഷി ചെയ്യുവാൻ കർഷകർ നിർബന്ധിതമായിത്തീരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പച്ചക്കറി കൃഷിക്കാർക്ക് ഒരു ഹെക്ടറിന് നൽകുന്ന ആനുകൂല്യം നെൽക്കൃഷിക്കാർക്കും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) നെൽക്കൃഷിക്കാർക്ക് ഇപ്പോൾ ഹെക്ടർ ഒന്നിന് എത്ര രൂപയാണ് സബ്സിഡിയായി നൽകുന്നത്?

ഉത്തരം

(എ) 4.71 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി നിലവിലുണ്ടായിരുന്നതായി കണക്കാക്കപ്പെട്ടിരുന്നു.

(ബി) ഈ സീസണിലെ കൃഷി പൂർത്തിയായശേഷമേ കണക്കെടുക്കുവാൻ കഴിയുകയുള്ളൂ.

(സി) ഇതര കൃഷികളെ അപേക്ഷിച്ച് നെൽക്കൃഷിക്ക് ലാഭം കുറവാണെന്ന ധാരണയിൽ ചില സ്ഥലങ്ങളിൽ കർഷകർ നെൽക്കൃഷിയോട് വൈമുഖ്യം കാട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഹെക്ടർ ഒന്നിന് 350 രൂപ ഉല്പാദന ബോണസായി നൽകുന്നുണ്ട്. വൈദ്യുതി സൗജന്യം, വിത്ത്, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയ്ക്കും സബ്സിഡി ലഭിക്കുന്നുണ്ട്. കൂടാതെ വിളവെടുപ്പുകാലത്ത് നെല്ല് സംഭരണത്തിനും ആനുകൂല്യം നൽകുന്നുണ്ട്.

86 (378) നെല്ല് വില

ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭനാ ജോർജ്ജ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്രാവശ്യത്തെ പുഞ്ചകൃഷിയുടെ നെല്ല് സംഭരിക്കുമ്പോൾ എന്തു വില നൽകണമെന്നാണ് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നത്;

(ബി) ഉൽപ്പാദനചെലവുമായി തട്ടിച്ചു നോക്കുമ്പോൾ ഈ വില ന്യായയുക്തമായിരുന്നുവോ;

(സി) ഈ വിലയ്ക്ക് കുട്ടനാടൻ കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) നെല്ല് സംഭരിക്കുവാൻ സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയിരുന്നുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly